ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000 ജനുവരി 24-ന് സംസ്ഥാന വൈദ്യുതി ബോർഡിലെ ജീവനക്കാർ പണിമുടക്കുകയുണ്ടായോ ;

(ബി) എങ്കിൽ പണിമുടക്കിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാന വൈദ്യുതി ബോർഡിനെ മൂന്ന് ലാഭകേന്ദ്രങ്ങളായി വിഭജിക്കുന്നത് സംബന്ധിച്ച് വൈദ്യുതി ബോർഡ് ജീവനക്കാരുടെ സമീപനം എന്തെന്ന് വിലയിരുത്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പണിമുടക്കി.

(ബി) ഉത്തർപ്രദേശ് ഇലക്ട്രിസിറ്റി ബോർഡ് വിഭജിക്കാനും സ്വകാര്യ വൽക്കരിക്കാനുള്ള നടപടികളിൽ വിയോജിപ്പ് പ്രകടിപ്പിച്ചാണ് പണിമുടക്ക് നടത്തിയത്.

(സി) കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ കാര്യക്ഷമതയും, സാമ്പത്തികസ്ഥിതിയും മെച്ചപ്പെടുത്തുന്നതിനായി ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീമേഖലകൾക്ക് പ്രത്യേകമായി ഓരോ ലാഭകേന്ദ്രങ്ങൾ ഉണ്ടാകുമെന്നാണ് ഊർജ്ജനയത്തിൽ വിഭാവന ചെയ്തിരിക്കുന്നത്. ഇത് ബോർഡിനെ വിഭജിക്കലല്ല. മറിച്ച് പ്രവർത്തനം പുനഃക്രമീകരിക്കാനാണ് ബോർഡിലെ ഉദ്യോഗസ്ഥരും, അംഗീകൃത സംഘടനകളും ഈ പ്രക്രിയയുമായി സഹകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ടാസ്ക് ഫോഴ്സുകളുടെ ചർച്ചകളിലും ഇവർ സജീവമായി പങ്കെടുത്തിട്ടുണ്ട്.

പള്ളം വൈദ്യുത ലൈൻ ഉപകരണ നിർമ്മാണ യൂണിറ്റ്

77(980) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ലൈനുകൾക്കും മറ്റും വേണ്ട അനുബന്ധ ഉപകരണങ്ങൾ നിർമ്മിക്കുന്ന പള്ളം ഉപകരണ നിർമ്മാണ യൂണിറ്റിൽ കെ.എസ്.ഇ.ബി. യുടെ കരാർ പ്രകാരം ഉൽപ്പാദിപ്പിച്ച ഉപകരണങ്ങൾ കെട്ടിക്കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1998 ആഗസ്റ്റ് മുതൽ 1999 ജൂലായ് വരെ ബോർഡിന്റെ പ്രസരണ വിതരണ ശൃംഖലയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ എന്ത് വിലയ്ക്കാണ് പള്ളത്തെ യൂണിറ്റിൽ നിന്നും കേരളത്തിലെ എസ്.എസ്.ഐ. യൂണിറ്റുകളിൽ നിന്നും കേരളത്തിന് പുറത്തുള്ള എസ്.എസ്.ഐ. യൂണിറ്റുകളിൽ നിന്നും വാങ്ങിയതെന്ന് വ്യക്തമാക്കുമോ ;

(സി) നിർമ്മിച്ച ഉപകരണങ്ങൾ മാറ്റണമെന്ന് പള്ളം ഉപകരണ നിർമ്മാണ യൂണിറ്റിൽ നിന്നും വൈദ്യുതി ബോർഡിനോട് രേഖാമൂലം ആവശ്യപ്പെട്ടിരുന്നോ ;

LIBRARY ARCHIVES Kerala Legislative Assembly

എങ്കിൽ എന്നായിരുന്നു അപേക്ഷ ലഭിച്ചിരുന്നത്; അതിൻമേൽ ബോർഡ് എന്ത് നടപടി സ്വീകരിച്ചു ;

(ഡി) പള്ളം ഉപകരണ നിർമ്മാണ യൂണിറ്റ് വികസിപ്പിച്ചാൽ ബോർഡിന് വേണ്ട ഉപകരണങ്ങൾ പൂർണ്ണമായി ഇവിടെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമോ ;

(ഇ) പള്ളം സിവിൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ ഇരുപത് ലക്ഷം രൂപയുടെ വികസനപ്രവർത്തനത്തിന് ബോർഡ് അനുമതി നൽകിയോ ; എങ്കിൽ എന്നാണ് നൽകിയതെന്ന് വെളിപ്പെടുത്തുമോ ; ഇല്ലെങ്കിൽ അതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) 1999-2000-ലെ ബോർഡിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഈ യൂണിറ്റിന്റെ വികസനത്തിന് ഒരു കോടി രൂപ വക കൊള്ളിച്ചതനുസരിച്ച് എന്ത് വികസനപദ്ധതികൾ രൂപീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബോർഡിൽ പള്ളം സെൻട്രൽ മെക്കാനിക്കൽ യൂണിറ്റിൽ നിർമ്മിക്കുന്ന ലൈൻ നിർമ്മാണ അനുബന്ധ സാമഗ്രികൾ വിവിധ ഡിസ്ട്രീ ബ്യൂഷൻ ചീഫ് എഞ്ചിനീയർമാർക്ക് അലോക്കേറ്റ് ചെയ്യുന്നു. അവർ ആവശ്യകത അനുസരിച്ച് ഈ സാധനങ്ങൾ എടുത്തുകൊണ്ടുപോകുന്നു. അങ്ങനെ അലോക്കേറ്റ് ചെയ്ത സാധനങ്ങളുടെ ഒരു ഭാഗം അൺലിഫ്റ്റ്ഡ് ആയി കിടപ്പുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ എസ്.എസ്.ഐ.യൂണിറ്റ്, എൻ.എസ്.ഐ.സി. യൂണിറ്റ് എന്നിവിടങ്ങളിൽ നിന്നും വാങ്ങുന്ന റേറ്റും പള്ളം സെൻട്രൽ മെക്കാനിക്കൽ യൂണിറ്റിൽ നിർമ്മിക്കുന്ന സാധനങ്ങളുടെ റേറ്റും താഴെ കൊടുക്കുന്നു.

ഉപകരണങ്ങളുടെ പേര്	എസ്.എസ്.ഐ. യൂണിറ്റിലെ വില (രൂപ)	എൻ.എസ്.ഐ.സി. യൂണിറ്റിലെ വില (രൂപ)	പള്ളം യൂണിറ്റിലെ വില (രൂപ)
1. വി-ക്രോസ് സാം	364.62	319.92	441.27
2. സ്റ്റേറോഡ് 16 എം.എം	-	67.44	64.07
3. സ്റ്റേറോഡ് 20 എം.എം	76.50	102.20	126.76
4. പാക്കിംഗ് ക്ലാപ്പ്	8.50	7.65	10.44
5. എർത്ത് പൈപ്പ്	258	-	253.48
6. പോൾടോപ്പ് ബ്രാക്കറ്റ്	-	36.72	45.25
7. പൈപ്പ് ഫിറ്റിംഗ് (പഴയ ടൈപ്പ്)	159.23	141.47	97.09

LIBRARY ARCHIVES Kerala Legislative Assembly

പള്ളം യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ വില കണക്കാക്കാൻ നിർമ്മാണത്തിനുപയോഗിച്ച സാധനത്തിന്റെ വില, ജോലികൂലി, ഓവർഹെഡ് ചാർജ്, ഗാൽവനൈസ് ചെയ്യാനുള്ള ചെലവ്, ട്രാൻസ്പോർട്ടിംഗ്, കയറ്റിറക്കു കൂലി എക്സൈസ് ഡ്യൂട്ടി എന്നിവയാണ് കണക്കിലെടുത്തിട്ടുള്ളത്. കോസ്റ്റിംഗിലെ മറ്റിനങ്ങളായ ഡിപ്രീസിയേഷൻ, മുതൽമുടക്കിൻമേലുള്ള പലിശ, മാനേജീരിയർ കോസ്റ്റ് എന്നിവ പള്ളം യൂണിറ്റിലെ കോസ്റ്റിംഗിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) 3-12-1999-ൽ അറിയിച്ചിരുന്നു. 24-12-1999-ൽ സാധനങ്ങൾ ലിഫ്റ്റ് ചെയ്യുവാൻ ഡിസ്ട്രീബ്യൂഷൻ ചീഫ് എഞ്ചിനീയർമാരെ അറിയിച്ചു. 2-2-2000-ൽ അൺ ലിഫ്റ്റഡ് ആയി കിടന്നിരുന്ന സാധനങ്ങൾ നോർത്ത് ഡിസ്ട്രിബ്യൂഷൻ ചീഫ് എഞ്ചിനീയർമാർക്ക് റീ-അലോക്കേഷൻ കൊടുത്തു.

(ഡി) ബോർഡിനുവേണ്ട ഉപകരണങ്ങൾ പൂർണ്ണമായും പള്ളത്തെ യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുവാൻ ഇപ്പോഴത്തെ പരിതസ്ഥിതിയിൽ സാദ്ധ്യമല്ല.

(ഇ&എഫ്) പ്രസ്തുത നിർദ്ദേശം ബോർഡിന് ലഭിച്ചിട്ടുണ്ട്. നിർദ്ദേശം പരിശോധിച്ചുവരുന്നു.

കെ.എസ്.ഇ.ബി. യുടെ ലാഭനഷ്ടം

78(981) ശ്രീ. എം. കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ലാഭത്തിലാണെങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തെ ലാഭം എത്ര ;

(സി) നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നഷ്ടം കുറച്ചുകൊണ്ടുവരാൻ എന്തെങ്കിലും നടപടികൾ ആവിഷ്ക്കരിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) 1997-98, 1998-99 എന്നീ വർഷങ്ങളിലെ ബോർഡിന്റെ കണക്കനുസരിച്ച് ബോർഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

വർഷം		ലാഭം
1997-98	-	24.62 കോടി രൂപ
1998-99	-	38.75 കോടി രൂപ

(താല്കാലിക കണക്ക്)

LIBRARY ARCHIVES Kerala Legislative Assembly